# ബി അയ്യി ദംബിൻ ഖുതിലത്

എന്ത് തെറ്റിന്റെ പേരിലാണ്-
കൊലചെയ്യപ്പെട്ടത്.
കുഴിച്ചുമൂടപ്പെട്ട ഓരോ കുഞ്ഞിനോടും
ദൈവത്തിന്റെ ചോദ്യം,
നിഷ്കളങ്ക ബാല്യങ്ങൾ
വീട്ടുമുറ്റത്ത്, സ്കൂൾ പരിസരത്ത്
കളിമുറ്റങ്ങളിൽ, വഴിവക്കിൽ
ദുരൂഹത ബാക്കിനിർത്തി,
അപ്രത്യക്ഷമാവുന്നു.
നൊന്തുപെറ്റ വയറും
നെഞ്ചെരിയുന്ന പിതാവും
നമുക്കിന്ന് നിത്യകാഴ്ച.

അരുതായ്മ 'ദൈവ വിശ്വാസി'ക്ക്
ദിനചര്യയാവുമ്പോൾ,
'മാനിഷാദ' പറയാൻ,
ദൈവവചനമല്ലാതെ,
മറ്റെന്ത് കടമെടുക്കും.
'ബി അയ്യിദംബിൻ ഖുതിലത്'*
വീട്ടുവളപ്പിൽ - തൂമ്പാതുമ്പിൽ
കുരുങ്ങിവരുന്നത്,
മണ്ണിരകൾ കണക്കേ
മനുഷ്യമക്കളുടെ അസ്ഥികൾ!
ക്രൂരതകൾ, മൃഗങ്ങളുടെ-
കണക്കിൽ വരവുവെക്കുന്നവരേ-
നിങ്ങൾ മൃഗങ്ങളെങ്കിലുമാവുക.

**അശ്റഫ് ബശീർ ഉളിയിൽ**

* ബി അയ്യി ദംബിൻ ഖുതിലത് -
എന്ത് തെറ്റിന്റെ പേരിലാണ് കൊല
ചെയ്യപ്പെട്ടത് (വിശുദ്ധ ഖുർആൻ)

# നെയ്ത്തിരി

**കൈ**യിലെരിയുന്നുണ്ട് കൈത്തിരി
ഉള്ളിലുണ്ട് നെയ്ത്തിരി
പാട്ടു മൂളും തെന്നലിൽ തിര
തല്ലിടുന്ന കിങ്ങിണി
കേട്ടു പേടിക്കുന്ന ദീപ
നാളമെന്തൊരു സുന്ദരി -

പൂവറുക്കും ചേലിൽ കൈത്തിരി
നാളവും പറിച്ച്
തെന്നലോടിപ്പോയി ദീപ
നാളമൊളിപ്പിച്ച്
എണ്ണ തീരും മുമ്പണഞ്ഞീ

മൺ ചിരാതിൻ മാതിരി
അല്ലെയോ ജീവന്റെ നാളം
കാറ്റിലുലയും നെയ്ത്തിരി

മേഘമായൊരു നൂറു നാഴിക
എന്തിനു ജീവിക്കണം
മിന്നലായൊരു നിമിഷമെത്ര
മനോഹരമെന്നോർക്കണം
കത്തിയെരിയുകയല്ലോ വെട്ടം
പെയ്തിറങ്ങാൻ ചുറ്റിലും
കാറ്റിലാടിയുലഞ്ഞു നാളം
കണ്ണടക്കും നേരവും

**മഞ്ഞിയിൽ**